20
ഫെബ്രുവരി 2019 ബുധൻ
1194 കുംഭം 8
തിരുവനന്തപുരം

# കേരളകൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

108 വർഷങ്ങൾ
4 തലമുറകൾ
14 പേജ് ₹ 7.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU www.keralakaumudi.com www.facebook.com/keralakaumudi

## ഒറ്റനോട്ടം



**തമിഴകത്ത് ബി.ജെ.പി- എ.ഡി.എം.കെ സഖ്യം**

പേജ് 11

### കേന്ദ്ര സർക്കാർ ജീവനക്കാർക്ക് 3 ശതമാനം ഡി.എ വർദ്ധന

ന്യൂഡൽഹി: കേന്ദ്രസർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും മൂന്ന ശതമാനം അധിക ക്ഷാമബത്ത അനുവദിക്കാൻ കേന്ദ്ര മന്ത്രിസഭാ യോഗം തീരുമാനിച്ചു. നിലവിൽ 9 ശതമാനം ക്ഷാമബത്തയാണ് ലഭിക്കുന്നത്.

2019 ജനവരി ഒന്നുമുതൽ മുൻകൂർ പ്രാബല്യത്തോടെയാണ് വർദ്ധന നടപ്പാക്കുന്നത്. മുത്തലാക് ക്രിമിനൽ കുറ്റമാക്കുന്ന ഓർഡിനൻസ് വീണ്ടും ഇറക്കാനും മന്ത്രിസഭാ യോഗം അനുമതി നൽകി.

ഓർഡിനൻസിനു പകരമുള്ള ബിൽ രാജ്യസഭയിൽ പാസാകാത്ത സാഹചര്യത്തിലാണിത്. രാജ്യസഭയിൽ കുടുങ്ങിയ മെഡിക്കൽ കൗൺസിൽ ഭേദഗതി, കമ്പനി നിയമ ഭേദഗതി എന്നിവയ്ക്കു പകരമുള്ള ഓർഡിനൻസുകൾക്കും അനുമതി നൽകി.

### പീതാംബരനെ പുറത്താക്കി

കാസർകോട്: സി.പി.എമ്മിന്റെ പ്രഖ്യാപിത നയങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചതിന് പാർട്ടി പെരിയ ലോക്കൽ കമ്മിറ്റി അംഗം എ. പീതാംബരനെ പാർട്ടി അംഗത്വത്തിൽ നിന്ന് പുറത്താക്കിയതായി സി.പി.എം ജില്ലാ കമ്മിറ്റി ഓഫീസിൽ നിന്ന് അറിയിച്ചു.

## തലവര

ഒരു കേസിൽ പൊലീസ് പിടിപ്പിക്കുന്നവരെല്ലാം യഥാർത്ഥ പ്രതികളാകണമെന്നില്ല: കോടിയേരി



യഥാർത്ഥ പ്രതികളെ പൊലീസേ പിടിക്കണമെന്നുമില്ല...

## അനുഗ്രഹനിമിഷങ്ങൾക്കായി അനന്തപുരി ഒരുങ്ങി

# ആറ്റുകാലമ്മയ്ക്ക് ഇന്ന് പൊങ്കാല



- മനസുരുകുന്ന പ്രാർത്ഥനയോടെ ഭക്തലക്ഷങ്ങൾ ഇന്ന് ആറ്റുകാലമ്മയ്ക്ക് പൊങ്കാല അർപ്പിക്കും
- പന്തീരടിപൂജയ്ക്കും ദീപാരാധനയ്ക്കും ശേഷം രാവിലെ 10.15നാണ് അടുപ്പുവെട്ട്
- തന്ത്രി തെക്കേടത്ത് പരമേശ്വരൻ വാസുദേവൻ ഭട്ടതിരിപ്പാട് ശ്രീകോവിലിൽ നിന്ന ദീപം പകരും
- വലിയതിടപ്പള്ളിയിലെ അടുപ്പ് കത്തിക്കുന്നത് മേൽശാന്തി വിഷ്ണു നമ്പൂതിരി
- ദീപം പണ്ടാരഅടുപ്പിലേക്ക് പകരുന്നത് സഹമേൽശാന്തി കേശവൻ നമ്പൂതിരി
- പണ്ടാരഅടുപ്പിൽ തീപകരുമ്പോൾ ചെണ്ടമേളവും മൈക്കിലൂടെ അറിയിപ്പും ഉണ്ടാകും അതിനുശേഷമേ അടുപ്പുകളിൽ തീപകരാവൂ
- ഉച്ചപൂജയ്ക്കു ശേഷം 2.15ന് പൊങ്കാല നിവേദിക്കും. തീർത്ഥം തളിക്കാൻ 250 ശാന്തിക്കാരുണ്ടാകും
- രാത്രി 7.30ന് കുത്തിയോട്ടത്തിന് ചൂരൽകുത്ത്. 11.15നാണ് പുറത്തെഴുന്നള്ളിപ്പ്
- ദേവിയുടെ ഭടന്മാരെ പ്രതിനിധീകരിക്കുന്ന കുത്തിയോട്ട ബാലന്മാർ അകമ്പടി സേവിക്കും
- രാത്രി 12.15ന് കുരുതി തർപ്പണത്തോടെ പൊങ്കാല മഹോത്സവം സമാപിക്കും



ആറ്റുകാൽ ദേവിക്ക് പൊങ്കാലയർപ്പിക്കാൻ പ്രാർത്ഥനയോടെ കാത്തിരിക്കുന്ന ഭക്ത

ഫോട്ടോ: അജയ് മധു

## കാസർകോട് ഇരട്ടക്കൊല

# സി.പി.എം നേതാവ് പീതാംബരൻ അറസ്റ്റിൽ



■ കൊലക്കുറ്റം ചുമത്തി ■ കൊല ആസൂത്രണം ചെയ്തത് പീതാംബരൻ
■ മുൻവൈരാഗ്യത്തിൽ ക്വട്ടേഷൻ നൽകി ■ കൊലയാളികളുടെ കാർ കണ്ടെത്തി

ഉദിനൂർ സുകുമാരൻ

കാസർകോട്: യൂത്ത് കോൺഗ്രസ് പ്രവർത്തകരായ കൃപേഷിനെയും ശരത് ലാലിനെയും വെട്ടിക്കൊന്ന സംഭവത്തിൽ സി.പി.എം ലോക്കൽ കമ്മിറ്റി അംഗം പീതാംബരനെ പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തു. ഇയാളെ ഇന്ന് കോടതിയിൽ ഹാജരാക്കും.

കൊലപാതകം ആസൂത്രണം ചെയ്തത് പീതാംബരനാണെന്ന് വ്യക്തമായി. കൊല നടപ്പാക്കിയ സംഘത്തിൽ ഇയാൾ ഉണ്ടായിരുന്നതിനും തെളിവു ലഭിച്ചു. ഇതേത്തുടർന്ന് കൊലക്കുറ്റം ചുമത്തിയാണ് അറസ്റ്റ് രേഖപ്പെടുത്തിയത്. കുറ്റപത്രം സമർപ്പിക്കുന്നതിനു മുമ്പ് വേണ്ടിവന്നാൽ കൂടുതൽ വകുപ്പുകൾ ചേർക്കുമെന്നും കാസർകോട് പൊലീസ് മേധാവി എ. ശ്രീനിവാസ് പറഞ്ഞു. മുൻവൈരാഗ്യം കാരണം പീതാംബരൻ കൊലപാതകം ആസൂത്രണം ചെയ്യുകയും ക്വട്ടേഷൻ സംഘത്തെ ഉപയോഗിക്കുകയുമായിരുന്നു എന്നാണ് വിവരം.

കൊലയാളി സംഘത്തിൽ പീതാംബരൻ അടക്കം ഏഴുപേരാണെന്ന് ഉണ്ടായിരുന്നതെന്ന് പൊലീസ് ഉറപ്പിച്ചു. മറ്റ് ആറുപേർ കൂടി കസ്റ്റഡിയിലുണ്ടെന്നും ഇവരെ കൂടുതൽ ചോദ്യം ചെയ്യണമെന്നും ജില്ലാ പൊലീസ് മേധാവി പറഞ്ഞു. മൊഴികളിൽ വൈരുദ്ധ്യമുള്ളതിനാലാണ് കൂടുതൽ ചോദ്യം ചെയ്യുന്നത്. അതിന് ശേഷമേ അറസ്റ്റ് ഉണ്ടാകൂ. കൊലപാതകത്തിനുശേഷം സംഘാംഗങ്ങൾക്കിടയിൽ തർക്കമുണ്ടായിരുന്നുവത്രേ. അതാണ് മൊഴികളിലെ വൈരുദ്ധ്യത്തിന് കാരണം,. അത് അന്വേഷണ സംഘത്തെ കുഴയ്ക്കുന്നുണ്ട്. കൊല്ലാൻ തീരുമാനിച്ചിരുന്നില്ലെന്നും കാലുകൾ വെട്ടാൻ മാത്രമായിരുന്നു നിർദ്ദേശമെന്നും നടപ്പാക്കിയപ്പോൾ പാളിച്ചപറ്റിയെന്നുമാണ് ചിലരുടെ മൊഴി.

കൊലയാളികൾ സഞ്ചരിച്ചതെന്ന് കരുതുന്ന കാർ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തി. പള്ളിക്കര പാക്കം വെളുത്തോളിക്ക് സമീപം ചെറൂട്ടവളപ്പിലാണ് കെ.എൽ 14 - 5683 നമ്പർ സൈലോ കാർ കണ്ടെത്തിയത്. എച്ചിലോട് സ്വദേശി സജി ജോർജിന്റേതാണ് വാഹനം. ഇയാളെയും കസ്റ്റഡിയിലെടുത്തിട്ടുണ്ട്. കാർ ഫോറൻസിക് വിദഗ്ദ്ധർ പരിശോധിച്ചു.

കഴിഞ്ഞ രാത്രി കേരള - കർണാടക അതിർത്തിയിലെ ഒളിത്താവളത്തിൽ നിന്ന് കസ്റ്റഡിയിലെടുത്ത പീതാംബരനെ ഇന്നലെ മുഴുവൻ കാസർകോട് എസ്.പി ഓഫീസിലെ ക്യാമ്പിൽ ചോദ്യം ചെയ്തിരുന്നു. കൊല നടന്ന അന്നുതന്നെ കസ്റ്റഡിയിലെടുത്ത രണ്ട് സി.പി.എം അനുഭാവികളെ പൊലീസ് ചോദ്യം ചെയ്തതോടെയാണ് സൂത്രധാരൻ പീതാംബരൻ ആണെന്ന സൂചന കിട്ടിയത്. ഇവരിൽ നിന്ന് ഒളിസങ്കേതത്തെ കുറിച്ചും വിവരം കിട്ടിയതിനെ തുടർന്ന് ഡിവൈ.എസ്.പി എം. പ്രദീപ് കുമാറിന്റെ നേതൃത്വത്തിലുള്ള സംഘം പിടികൂടുകയായിരുന്നു.

### കുടുക്കിയത് കൃപേഷിന്റെ അച്ഛന്റെ വാക്കുകൾ

കൊല്ലപ്പെട്ട കൃപേഷിന്റെ അച്ഛൻ കൃഷ്ണന്റെ വാക്കുകളാണ് പീതാംബരനെ സംശയത്തിന്റെ നിഴലിലാക്കിയത്. താനും കമ്മ്യൂണിസ്റ്റുകാരൻ ആണെന്നും പാർട്ടിക്കാരായ പീതാംബരനും വത്സനും അറിയാതെ കൃപേഷിനെ കൊല്ലില്ലെന്നും കൃഷ്ണൻ മാദ്ധ്യമങ്ങളോട് പറഞ്ഞിരുന്നു. പീതാംബരനെ ആക്രമിച്ച കേസിലാണ് ശരത് റിമാൻഡിൽ കഴിഞ്ഞത്. കൃപേഷും ആ കേസിൽ ആറാം പ്രതിയായിരുന്നു. സ്ഥലത്തുണ്ടായിരുന്നില്ലെന്ന് കണ്ടെത്തി പൊലീസ് ഒഴിവാക്കിയതാണ്. സംഭവത്തിനുശേഷം ഭീഷണിയുടെ നിഴലിലായിരുന്നു ഇരുവരും.

### പ്രവർത്തകരെ തള്ളിപ്പറഞ്ഞ് സി.പി.എം

**കൊ**ലപാതകവുമായി പാർട്ടിക്ക് ബന്ധമില്ലെന്ന് സി.പി.എം ഏരിയ, ജില്ലാ നേതാക്കൾ അവകാശപ്പെട്ടെങ്കിലും പീതാംബരൻ പിടിയിലായതോടെ സി.പി.എം കൂടുതൽ പ്രതിരോധത്തിലായി. പീതാംബരൻ ഉൾപ്പെടെ സി.പി.എം അംഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരെ തള്ളിപ്പറയാൻ കേന്ദ്രകമ്മിറ്റി അംഗം പി. കരുണാകരനും ജില്ലാ സെക്രട്ടറി എം.വി. ബാലകൃഷ്ണനും ജില്ലാ കമ്മിറ്റി ഓഫീസിൽ വാർത്താസമ്മേളനം വിളിക്കേണ്ടിവന്നു. പീതാംബരനെ കസ്റ്റഡിയിൽ എടുത്തതോടെയാണ് കൊലയാളിസംഘത്തിലെ പാർട്ടിക്കാരെ സി.പി.എം തള്ളിപ്പറഞ്ഞത്.

## ചെന്നിത്തലയുടെ മകന്റെ വിവാഹാഘോഷം ഒഴിവാക്കി

### തുക കൃപേഷിന്റെ കുടുംബത്തിന്



തിരുവനന്തപുരം: മകന്റെ വിവാഹസൽക്കാര ചടങ്ങുകൾ വേണ്ടെന്നു വച്ച്, ആ തുക കാസർകോട് ഇരട്ടക്കൊലപാതകത്തിലെ ഇരകളിലൊരാളായ കൃപേഷിന്റെ സഹോദരിയുടെ വിവാഹത്തിനു നൽകാൻ തീരുമാനിച്ച് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല. വിവാഹാഘോഷം ഒഴിവാക്കിയുള്ള ചെന്നിത്തലയുടെ തീരുമാനം, മേൽക്കൂര ദ്രവിച്ച ഒറ്റമുറിക്കൂരയിൽ കഴിയുന്ന കൃപേഷിന്റെ കുടുംബത്തിന് ആശ്വാസമാകും.

കഴിഞ്ഞ ഞായറാഴ്ച അങ്കമാലിയിലായിരുന്നു ചെന്നിത്തലയുടെ മകൻ ഡോ. രോഹിതിന്റെയും ഡോ. ശ്രീജയുടെയും വിവാഹം. നവദമ്പതികൾക്ക് ഇന്ന് തിരുവനന്തപുരം ഗിരിദീപം ആഡിറ്റോറിയത്തിലും 23ന് ഹരിപ്പാട് ബോയ്സ് ഹയർസെക്കൻഡറി സ്കൂളിലും സ്വീകരണച്ചടങ്ങുകളൊരുക്കി, എല്ലാവരെയും ക്ഷണിക്കുകയും ചെയ്തു. അപ്പോഴാണ് മരുമകൾ ശ്രീജ ഭർതൃപിതാവിനോട് ഒരാഗ്രഹം പറഞ്ഞത്: ആഘോഷമൊന്നും വേണ്ട; അതിനുള്ള പണം കൃപേഷിന്റെ സഹോദരി കൃഷ്ണപ്രിയയുടെ വിവാഹത്തിനായി അവരുടെ കുടുംബത്തിനു നൽകാം. മരുമകളുടെയും മകന്റെയും ആഗ്രഹം താൻ അംഗീകരിക്കുകയായിരുന്നുവെന്ന് ഇന്നലെ വാർത്താസമ്മേളനത്തിലാണ് ചെന്നിത്തല പറഞ്ഞത്. ഡോ. രോഹിതിന്റെ വിവാഹദിവസം രാത്രിയാണ് കാസർകോട്ട് യൂത്ത് കോൺഗ്രസ് പ്രവർത്തകരായിരുന്ന കൃപേഷും ശരത്‌ലാലും രാഷ്ട്രീയ എതിരാളികളുടെ കൊലക്കത്തിക്ക് ഇരയായത്.

## ഇ.എസ്.ഐ വിഹിതം അഞ്ച് ശതമാനമായി കുറയ്ക്കും

ന്യൂഡൽഹി: ഇ.എസ്.ഐ സേവനങ്ങൾക്ക് തൊഴിലുടമയിൽ നിന്നും അംഗങ്ങളിൽ നിന്നും പിടിക്കുന്ന ആകെ വിഹിതം അഞ്ചു ശതമാനമാക്കാൻ ഇ.എസ്.ഐ കോർപറേഷൻ യോഗം തീരുമാനിച്ചു. നിലവിൽ 6.5 ശതമാനമാണ്. തൊഴിലുടമയ്ക്ക് 4.75 ശതമാനവും അംഗങ്ങൾക്ക് 1.75 ശതമാനവും. ഇത് നാലു ശതമാനവും ഒരു ശതമാനവുമായി കുറയും. അംഗങ്ങളുടെ മാതാപിതാക്കൾക്ക് ഇ.എസ്.ഐ ആനുകൂല്യത്തിനുള്ള വരുമാന പരിധി 5000 രൂപയിൽ നിന്ന് 9000 രൂപയായി വർദ്ധിപ്പിക്കാനും തീരുമാനിച്ചു. ഡിസ്പെൻസറി ചെലവിന് ഇ.എസ്.ഐ സംസ്ഥാന സർക്കാരുകൾക്ക് ഒരംഗത്തിന് നൽകുന്ന 3000 രൂപ ധനസഹായത്തിന്റെ പരിധിയും ഒഴിവാക്കി.

## കാശ്മീരിൽ കടുത്ത മുന്നറിയിപ്പുമായി സൈന്യം

# തോക്കെടുക്കുന്നവരെ വധിക്കും; അമ്മമാർ മക്കളെ പിന്തിരിപ്പിക്കണം



ജയ്ഷെ മുഹമ്മദിന്റെ കാശ്മീർ നേതൃത്വത്തെ ഇല്ലാതാക്കിയെന്നും സൈന്യം

സ്വന്തം ലേഖകൻ

ന്യൂഡൽഹി: പുൽവാമയിൽ 40 സി.ആർ.പി.എഫ് ജവാന്മാരുടെ ജീവനെടുത്ത ഭീകരാക്രമണം നടത്തിയ പാകിസ്ഥാൻ ഭീകരസംഘടനയായ ജയ്ഷെ മുഹമ്മദിന്റെ കാശ്മീർ നേതൃത്വത്തെ പൂർണമായും ഇല്ലാതാക്കിയെന്ന് സൈന്യം അറിയിച്ചു. പുൽവാമ ആക്രമണത്തിന് ശേഷം നൂറുമണിക്കൂറിനുള്ളിൽ തന്നെ ഇത് സാധിച്ചെന്നും നിയന്ത്രണ രേഖയിലെ സുരക്ഷാ ചുമതലയുള്ള കരസേനയുടെ ചിനാർ കോറിന്റെ കമാൻഡർ ലഫ്.ജനറൽ കൻവൽ ജീത് സിംഗ് ധില്ലൻ അറിയിച്ചു.

കാശ്മീരിൽ തോക്കെടുത്തവർ കീഴടങ്ങിയില്ലെങ്കിൽ അവരെ ഉന്മൂലനം ചെയ്യുമെന്ന കടുത്ത മുന്നറിയിപ്പും അദ്ദേഹം നൽകി. ഭീകരസംഘടനയിൽ ചേരുന്ന പ്രദേശവാസികളായ യുവാക്കൾക്കുള്ള താക്കീതാണിത്. കാശ്മീരിൽ അമ്മമാർക്ക് പ്രധാന പങ്ക് വഹിക്കാനുണ്ട്. ഭീകരസംഘടനയിൽ ചേർന്ന മക്കളോട് കീഴടങ്ങി മുഖ്യധാരയിലേക്ക് മടങ്ങിവരാൻ അമ്മമാർ അപേക്ഷിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

പുൽവാമ ഭീകരാക്രമണത്തിന്റെ സൂത്രധാരൻ ഘാസിയെ വധിച്ചതുമായി ബന്ധപ്പെട്ട് ജമ്മുകാശ്മീർ പൊലീസ് ഐ.ജി എസ്.പി പാനി, സി.ആർ.പി.എഫ് ഐ.ജി സുൾഫിക്കർ ഹസൻ എന്നിവരോടൊപ്പം ശ്രീനഗറിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ധില്ലൻ. കീഴടങ്ങുന്നവർക്കായി സർക്കാർ ആവിഷ്കരിച്ച പദ്ധതി ഭീകരപ്രവർത്തനം ഉപേക്ഷിച്ച് സാധാരണ ജീവിതത്തിലേക്ക് മടങ്ങിവരാൻ സഹായിക്കും. കീഴടങ്ങിയില്ലെങ്കിൽ തോക്കെടുത്തവരെ വധിക്കും. തുടച്ചുനീക്കും. അദ്ദേഹം തറപ്പിച്ചു പറഞ്ഞു.

പുൽവാമ ഭീകരാക്രമണത്തിൽ പാക് ചാരസംഘടനയായ ഐ.എസ്.ഐയ്ക്ക് പങ്കുണ്ട്. ആക്രമണം ഏകോപിപ്പിച്ചത് ജയ്ഷെ മുഹമ്മദിന്റെ പാകിസ്ഥാനിലെ സംഘവും പാകിസ്ഥാനുമാണ്. ഇനി ഭീകരപ്രവർത്തനത്തിനായി കാശ്മീർ താഴ്‌വരയിൽ ആരെങ്കിലും പ്രവേശിച്ചാൽ ജീവനോടെ മടങ്ങിപ്പോകില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

കാശ്മീരിലെ ഭീകര റിക്രൂട്ട്മെന്റ് കാര്യമായി കുറഞ്ഞതായി കാശ്മീർ പൊലീസ് ഐ.ജി എസ്.പി. പാനി ചൂണ്ടിക്കാട്ടി. റിക്രൂട്ട്മെൻറ് തടയാൻ കുടുംബങ്ങളും സമൂഹവും രംഗത്തിറങ്ങണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സൈന്യവും പൊലീസും സി.ആർ.പി.എഫും സംയുക്തമായി നടത്തിയ 17 മണിക്കൂർ നീണ്ട ഓപ്പറേഷനിലാണ് പുൽവാമ ഭീകരാക്രമണത്തിന്റെ മുഖ്യസൂത്രധാരനും ജയ്ഷെ കമാൻഡറുമായ കമ്രാൻ എന്ന അബ്ദുൾ റഷീദ് ഘാസി ഉൾപ്പെടെ മൂന്നു ഭീകരരെ സൈന്യം തിങ്കളാഴ്ച വധിച്ചത്.

## വസന്തകുമാറിന്റെ കുടുംബത്തിന് 25 ലക്ഷവും വീടും

### ഭാര്യയുടെ ജോലി സ്ഥിരപ്പെടുത്തും

തിരുവനന്തപുരം: ജമ്മുകാശ്മീരിലെ ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച വയനാട് സ്വദേശി വി.വി. വസന്തകുമാറിന്റെ കുടുംബത്തിന് 25 ലക്ഷം രൂപയും വീടും നൽകാനും ഭാര്യയുടെ ജോലി സ്ഥിരപ്പെടുത്താനും മന്ത്രിസഭായോഗം തീരുമാനിച്ചു.

വസന്തകുമാറിന്റെ ഭാര്യക്ക് 15 ലക്ഷവും മാതാവിന് 10 ലക്ഷവുമാണ് നൽകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. സി.ആർ.പി.എഫ് ജവാന്മാർക്ക് നേരെയുണ്ടായ ഭീകരാക്രമണത്തെ മന്ത്രിസഭായോഗം അപലപിച്ചു.



### സഹായങ്ങൾ ഇങ്ങനെ

- വസന്തകുമാറിന്റെ ഭാര്യയ്ക്ക് വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റ് തസ്തികയിലെ താൽക്കാലിക ജോലി സ്ഥിരപ്പെടുത്തും
- ഭാര്യയ്ക്ക് 15 ലക്ഷം രൂപയും നൽകും.
- വസന്തകുമാറിന്റെ മാതാവിന് 10 ലക്ഷം നൽകും.
- കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് സർക്കാർ വഹിക്കും.
- കുടുംബത്തിന് പുതിയ വീട് നിർമ്മിച്ചുനൽകും.

### കാട്ടാന ആക്രമണം: മരിച്ച ബിജുവിന്റെ ഭാര്യയ്ക്ക് ജോലി

കൊട്ടിയൂർ റേഞ്ചിലെ നരിക്കടവിൽ കാട്ടാനയുടെ ആക്രമണത്തിൽ മരിച്ച ബിജു അഞ്ചാനിക്കലിന്റെ വിധവ കത്രീനയ്ക്ക് ആറളം വൈൽഡ് ലൈഫ് ഡിവിഷനിലെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിൽ പാർട്ട്ടൈം സ്വീപ്പറായി നിയമനം നൽകും.

ഈ സ്നേഹദീപം പൊലിഞ്ഞിട്ട് അഞ്ചു വർഷം! (20.02.2019)



Adv. കഴക്കൂട്ടം എം. വിജയൻ
[Dist. Notary]
'കാർത്തിക', L.75, LIC Lane, പട്ടം.
ദിനംതോറും ദീപ്തമാകുന്ന സ്മരണകളോടെ,
ദുഃഖത്തോടെ, ഭാര്യ : സന്ധ്യ വിജയൻ,
മക്കൾ : സിദ്ധാർത്ഥ്. വി.എസ്, ഗൗതം വി.എസ്.
മറ്റ് കുടുബാംഗങ്ങളും സുഹൃത്തുക്കളും.